## പഠന സഹായങ്ങൾ

# ശബ്ബത്ത്

ഓവെൻ ഡി. ഓൾബ്രൈറ്റ്

"ശബ്ബത്ത്" എന്ന എബ്രായ വാക്കു *ഷാബാത്ത്* എന്നതും, ഗ്രീക്കു വാക്കായ *ശാബോറ്റൺ* എന്നതും തർജ്ജിമ ചെയ്തതാണ്, അർത്ഥം " നിർത്തുക, നില്ക്കുകയും, വിശ്രമിക്കുകയും ചെയ്യുക." മോശെയുടെ കാലം മുതൽ യിസ്രായേൽ ജനം പ്രത്യേക വിശ്രമദിനമായി എടുത്ത തിനെയാണ് "ശബ്ബത്ത്" എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. ശബ്ബത്തു ആവശ്യപ്പെടുന്നതു വെള്ളിയാഴ്ച്ച വൈകുന്നേരം 6.00 മണി മുതൽ, ശനിയാഴ്ച്ച വൈകുന്നേരം നമ്മുടെ 6.00 മണി വരെയാണ്. പുറപ്പാട് 16:23 ലാണ് "ശബ്ബത്ത്" എന്ന വാക്ക് ആദ്യമായി കാണുന്നത്, എന്നാൽ ഉല്പത്തി പുസ്തകത്തിലെ ഏഴാം - നാൾ വിശ്രമവുമായുള്ള ബന്ധ ത്തിൽ ഇത് ഉപയോഗിച്ചിരുന്നില്ല.

യെഹൂദന്മാർക്കു ആഴ്ച്ചതോറുമുള്ള ശബ്ബത്തു മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്, അവർക്കു പാപപരിഹാരദിവസമായ പ്രത്യേക ശബ്ബത്തും ഉണ്ടായിരുന്നു (ലേവ്യാ പുസ്തകം 16:29-31; 23:27-32), ഓരോ ഏഴാം വർഷവും ശബ്ബത്തു വർഷമായി ആചരിക്കുവാനും കല്പിച്ചിരുന്നു (പുറപ്പാട് 23:10, 11; ലേവ്യാ പുസ്തകം 25:1-7; ആവർത്തന പുസ്തകം 15:1-11). ശബ്ബത്ത് എന്നു വിളിച്ചിട്ടില്ലെങ്കിലും, അതേ രീതിയിൽ ജോലി നിർത്തി വെക്കുവാൻ പറഞ്ഞ മറ്റവസരങ്ങൾ ഉണ്ടായിട്ടുണ്ട്: പെസഹാ പെരുന്നാളിന്റെ ആദ്യ ദിവസവും ഏഴാം ദിവ സവും (സംഖ്യാപുസ്തകം 28:18); വാരോത്സവത്തിന്റെ ആദ്യനാൾ, കൊയ്ത്തുപെരുന്നാൾ എന്നും പെന്തെക്കൊസ്തു പെരുന്നാൾ എന്നും അറിയപ്പെടുന്നു (ലേവ്യാ പുസ്തകം 23:21; സംഖ്യാപുസ്തകം 28:26); കാഹളപെരുന്നാളുകൾക്കിടയിലും (ലേവ്യാപുസ്തകം 23:24, 25; സംഖ്യാപുസ്തകം 29:1, 7, 12, 35); കൂടാര പെരുന്നാളുകൾക്കിടയിലും (ലേവ്യാപുസ്തകം 23:35, 36) വരുമായിരുന്നു.

ഏഴാം - ദിവസ വിശ്രമത്തെ ഉല്പത്തി പുസ്തകത്തിൽ പറയുന്ന വേദഭാഗം 2:3 മാത്രമാണ്: "സകലപ്രവൃത്തികളിൽനിന്നും അന്നു നിവൃ ത്തനായതുകൊണ്ടു, ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീ കരിച്ചു." ദൈവജനങ്ങൾക്കായി ശബ്ബത്തു കല്പിച്ചതു അനേകം വർഷ ങ്ങൾക്കു ശേഷമാണ്. നെഹെമ്യാവു പറഞ്ഞു,

> നീ സീനായി മലമേൽ ഇറങ്ങി ആകാശത്തു നിന്നു അവരോടു സംസാരിച്ചു; അവർക്കു ന്യായമായുള്ള വിധികളും, സത്യമായുള്ള ന്യായപ്രമാണങ്ങളും, നല്ല ചട്ടങ്ങളും കല്പനകളും കൊടുത്തു. നിന്റെ വിശുദ്ധ ശബ്ബത്തു നീ അവരെ അറിയിച്ചു, നിന്റെ ദാസനായ മോശെ മുഖാന്തരം അവർക്കു കല്പനകളും ചട്ടങ്ങളും ന്യായപ്രമാണവും കല്പിച്ചു കൊടുത്തു, ... (9:13, 14).

യെഹെസ്ക്കേൽ എഴുതി,

> "അങ്ങനെ ഞാൻ അവരെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു മരുഭൂമിയിൽ കൊണ്ടുവന്നു. ഞാൻ എന്റെ ചട്ടങ്ങളെ, അവർക്കു കൊടുത്തു. എന്റെ വിധികളെ, ഞാൻ അവരെ അറിയിച്ചു. അവയെ ചെയ്യുന്ന മനുഷ്യൻ അവയാൽ ജീവിക്കും. ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ, അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുക്കളെയും ഞാൻ അവർക്കു കൊടുത്തു" (യെഹെസ്ക്കേൽ 20:10 –12).

ഇതു ആവർത്തന പുസ്തകം 5:15–ൽ മോശെയുടെ പ്രസ്താവനയോട് ഒക്കുന്നു: "നീ മിസ്രയീം ദേശത്തു അടിമയായിരുന്നു എന്നും, അവിടെ നിന്നും നിന്റെ ദൈവമായ യഹോവ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു." സിനായി പർവ്വതത്തിൽ വെച്ചു അറിയപ്പെട്ടതും മിസ്രയീമിൽ നിന്നു യിസ്രായേലിനെ വിടുവിച്ചുകൊണ്ടുവന്നപ്പോൾ അടയാളമായി കൊടുത്തതും ആയ നിയമം, യിസ്രായേലിന്നും ദൈവത്തിനും മദ്ധ്യേ ഒരു ഉടമ്പടി ആയിരുന്നു (പുറപ്പാട് 31:13, 16, 17; യെഹെസ്ക്കേൽ 20:12).

ദൈവം ആറാം നാളിൽ യിസ്രായേലിന്നു കൂടുതൽ മന്ന കൊടുത്തിരുന്നു (പുറപ്പാട് 16:23–30), അതു സിനായി പർവ്വതത്തിൽ വെച്ചു വെളിപ്പെടുത്തിയ ശബ്ബത്തിന്റെ ഒരുക്കത്തിനു വേണ്ടിയായിരുന്നു. ഓരോ ആറാം നാളിലും യിസ്രായേൽ ഏഴാം നാളിലേക്കുള്ള മന്നയും ശേഖരിച്ചു ഏഴാം നാളിൽ യിസ്രായേൽ സ്വസ്ഥമായിരിക്കണമായിരുന്നു. മോശെ വിവരിച്ചിരിക്കുന്നു, "നോക്കുവിൻ, യഹോവ നിങ്ങൾക്കു ശബ്ബത്തു തന്നിരിക്കുന്നു; അതുകൊണ്ടു അവൻ ആറാം ദിവസം നിങ്ങൾക്കു രണ്ടു ദിവസത്തേക്കുള്ള ആഹാരം തരുന്നു. നിങ്ങൾ താന്താങ്ങളുടെ സ്ഥലത്തു ഇരിപ്പിൻ; ഏഴാം ദിവസം ആരും തന്റെ സ്ഥലത്തുനിന്നു പുറപ്പെടരുതു എന്നു കല്പിച്ചു" (പുറപ്പാട് 16:29).

## പത്തുകല്പനകളിലെ ശബ്ബത്ത്

ശബ്ബത്തിന്റെ മൂന്നു പ്രധാനപ്പെട്ട കാര്യങ്ങൾ പത്തു കല്പനകളിൽ പ്രസ്താവിച്ചിട്ടുണ്ട് (പുറപ്പാട് 20:8–11).

(1) ശബ്ബത്തു ഒരു ദിവസത്തെ പൂർണ്ണവിശ്രമമാണ്. കുടുംബാംഗങ്ങളോ, ദാസന്മാരോ, മൃഗങ്ങളോ, സന്ദർശകരോ, അല്ലെങ്കിൽ യിസ്രായേൽ ദേശത്തുവരുന്ന ആരെങ്കിലുമോ ഒരു ജോലിയും ചെയ്യരുത് (വാക്യങ്ങൾ 8–10; ആവർത്തനപുസ്തകം 5:12–15).

(2) ഏഴാം ദിവസം ശബ്ബത്തായി ദൈവം തിരഞ്ഞെടുത്തതാണ്, കാരണം, അവൻ ഏഴാം ദിവസം വിശ്രമിച്ചു. "ആറു ദിവസം കൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ടു ദൈവം ശബ്ബത്തു നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു" (പുറപ്പാട് 20:11).

(3) യിസ്രായേലിന്നു ശബ്ബത്തു ഓർമ്മ ദിവസം ആയിരുന്നു, മിസ്രയീം അടിമത്വത്തിൽ നിന്നു ദൈവം അവരെ വിടുവിച്ചുകൊണ്ടു വന്നതു ആഘോഷിച്ചു ഒരു പ്രത്യേക ദിവസം വിശ്രമത്തിനും ഓർമ്മക്കുമായിട്ടുള്ളതായിരുന്നു. "നീ മിസ്രയിം ദേശത്തു അടിമയായിരുന്നു എന്നും, അവിടെ നിന്നു നിന്റെ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജം കൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചു" (ആവർത്തനപുസ്തകം 5:15).

ദൈവം ഏഴാം ദിവസം വിശ്രമിച്ചതുകൊണ്ടാണ്, അവൻ ആ ദിവസം തിരഞ്ഞെടുത്തത്, എന്നാൽ തന്റെ സൃഷ്ടിത്വത്തെയോ അല്ലെങ്കിൽ വിശ്രമത്തെയോ ആദരിക്കുകയോ ഒരു ദിവസം ഓർമ്മിക്കുകയോ ചെയ്യുവാൻ വേർതിരിച്ചു (വിശുദ്ധീകരിക്കുവാൻ) ഒരിടത്തും അവൻ കല്പിച്ചിരുന്നില്ല. ശബ്ബത്ത് യിസ്രായേലിന്നു പ്രത്യേക ആരാധനാ ദിവസം ആയിരിക്കുമെന്ന് ഒന്നും പറഞ്ഞിരുന്നില്ല.

ഒരു ദിവസം അവരെ മിസ്രയിം അടിമത്വത്തിൽ നിന്നു വിടുവിച്ചു കൊണ്ടുവന്നതിന്റെ ഓർമ്മക്കായി ദൈവം തന്റെ ജനത്തിനു കൊടുത്ത കല്പനയായതുകൊണ്ടു അതിനു മുൻപു അതു കൊടുക്കുവാൻ സാധ്യതയില്ല. കൂടാതെ, അവർ നാനൂറുവർഷം മിസ്രയിമിൽ അടിമകളായി ജീവിച്ചിരുന്നപ്പോൾ (ഉല്പത്തി 15:13; പ്രവൃത്തികൾ 7:6) തീർച്ചയായും അവർക്കു ശബ്ബത്തു ആചരിക്കുവാൻ കഴിയുമായിരുന്നില്ല.

### ശബ്ബത്ത് സൃഷ്ടിത്വ സമയത്തു കൊടുത്തിരുന്നോ?

സൃഷ്ടി മുതൽ മനുഷ്യർ ശബ്ബത്തു ആചരിക്കുവാൻ ദൈവം തന്റെ സൃഷ്ടിത്വം അവസാനിപ്പിച്ചപ്പോൾ ഏഴാം ദിവസത്തെ ദൈവം വേർതിരിച്ചിരുന്നു എന്നു ഉല്പത്തി 2:1–3 പഠിപ്പിക്കുന്നുണ്ടോ? ഒറ്റനോട്ടത്തിൽ, സൃഷ്ടി മുതൽ ഉണ്ടായിരുന്നു ശബ്ബത്ത് എന്നു തോന്നിപ്പോകും. എങ്ങനെയായാലും, അത്തരം തീർപ്പു ദൈവം യിസ്രായേലിനെ മിസ്രയിം അടിമത്വത്തിൽ നിന്നു വിടുവിച്ചു കൊണ്ടുവന്നതിന്റെ ഓർമ്മക്കായി കൊടുത്തതാണ് ശബ്ബത്ത് എന്നു മനസ്സിലാകുമ്പോൾ നീങ്ങിപ്പോകും. അതുപോലെ തന്നെ സൃഷ്ടി നടന്നു അനേകം വർഷങ്ങൾക്കു ശേഷമാണ് മോശെ എഴുതിയതു എന്ന വസ്തുതയും പരിഗണിക്കേണ്ടതാണ്.

അമേരിക്കയിൽ മനുഷ്യാവകാശ നായകനായിരുന്നു. 1968–ൽ

കൊല്ലപ്പെട്ട മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറിന്റെ ജന്മദിവസം ആഘോഷിച്ചിരുന്നതു ജനുവരി മാസം മൂന്നാമത്തെ തിങ്കളാഴ്ച്ചയായിരുന്നു. രാജാവിന്റെ ജീവചരിത്രം എഴുതിയ ഒരു ചരിത്രകാരൻ, എഴുതുമ്പോൾ, അദ്ദേഹം ജനിച്ചതു 1929 ജനുവരി 16–നു എന്നു എഴുതിയേക്കാം, പിന്നെ രാജാവിന്റെ ജന്മദിവസം ആഘോഷിക്കുവാൻ ഒരു പ്രത്യേക ദിവസം മാറ്റിവെച്ചിരിക്കുന്നു എന്നും പറഞ്ഞേക്കാം. അനേക വർഷങ്ങൾക്കു ശേഷം പ്രസിഡന്റ് റൊണാൾഡ് റെയിഗൻ 1983 നവംബർ 2–നു രാജാവിന്റെ ജന്മദിനം ആഘോഷിക്കേണ്ടതു ജനുവരി മാസം മൂന്നാമത്തെ തിങ്കളാഴ്ച്ച ആയിരിക്കണം എന്ന ബില്ല് അവതരിപ്പിച്ചു എന്നു അയാൾ പറയേണ്ടതായിട്ടില്ല.

ആ ജീവചരിത്രകാരൻ ചെയ്തതുപോലെ, മോശെ പുറകിലേക്കാണ് നോക്കിയത്. സൃഷ്ടിത്വത്തെക്കുറിച്ചും ദൈവം ഏഴാം ദിവസം വിശ്രമിച്ചതിനെക്കുറിച്ചും പറഞ്ഞശേഷം, ദൈവം ഒരു ദിവസത്തെ വിശ്രമ ദിവസമായി വേർതിരിച്ചതായും പറഞ്ഞു. ആ സമയത്തു ആരെങ്കിലും ആചരിക്കുന്നതായി അവൻ പറഞ്ഞില്ല. പിന്നീട്, യിസ്രായേൽ മിസ്രയിം വിട്ടശേഷം സിനായി പർവ്വതത്തിൽ വെച്ചു ശബ്ബത്തു ദിവസം പ്രത്യേക ദിവസമായി ഓർമ്മിക്കുവാൻ ആവശ്യപ്പെട്ടു എന്നു പറഞ്ഞു (ആവർത്തനപുസ്തകം 5:15). അപ്പോൾ മുതലാണ് ശബ്ബത്ത് ആചരണം തുടങ്ങിയതെന്നും പ്രാബല്യത്തിൽ വന്നതെന്നും മറ്റു വാക്യങ്ങൾ ഉറപ്പിക്കുന്നു (നെഹെമ്യാവു 9:13, 14; യെഹെസ്ക്കേൽ 20:10–12).

ഈ വിധത്തിൽ സൂചനാകാഴ്ച്ച കാണുന്ന മറ്റു പഴയ നിയമ വേദ ഭാഗങ്ങൾ ഉണ്ട്. ഉദാഹരണമായി, ഒരാൾ എന്തുകൊണ്ടു അപ്പനെയും അമ്മയെയും വിട്ടു പോകുന്നു എന്നു മോശെ പറയുന്നുണ്ട് (ഉല്പത്തി 2:24), ആദാമും ഹവ്വയും മാതാപിതാക്കൾ ആകുന്നതിനു മുൻപു തന്നെ മോശെ പറഞ്ഞു. ആദാം തന്റെ ഭാര്യയെ “ഹവ്വ,” എന്നു വിളിച്ചു, അർത്ഥം “ജീവനുള്ളവരുടെ മാതാവു,” അതു മക്കളെ പ്രസവിക്കുന്നതിനു മുൻപായിരുന്നു (ഉല്പത്തി 3:20).

കൂടാതെ, ആ പേരുകൾ ലഭിക്കുന്നതിനുമുൻപു പ്രത്യേക പേരുകൾ വിവിധ സ്ഥലങ്ങളിൽ വിളിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, ബെഥേൽ എന്ന പേർ മുൻപു തന്നെ “ബെഥേൽ” എന്നു വിളിക്കപ്പെടും എന്ന് (ഉല്പത്തി 12:8; 13:3) മുൻകൂട്ടി അറിയിച്ചിരുന്നു (ഉല്പത്തി 28:19). അതുപോലെ, ബേർശേബാ (ഉല്പത്തി 21:14) “ബേർശേബാ” എന്നു വിളിക്കപ്പെടുമെന്നു മുന്നറിയിച്ചിരുന്നു (ഉല്പത്തി 21:31), ഹോർമാ എന്നു മുന്നറിയിച്ചത് (സംഖ്യാപുസ്തകം 14:45) പിന്നീടു ആണ് “ഹോർമാ” എന്നു വിളിക്കപ്പെടുന്നത് (സംഖ്യാപുസ്തകം 21:3), ശിൽഗാൽ (ആവർത്തനപുസ്തകം 11:30; യോശുവാ 4:19, 20) എന്ന പേർ പിന്നീടാണ് “ഗിൽഗാൽ” എന്നു അറിയപ്പെടുന്നതു (യോശുവ 5:9), ദാൻ എന്നു വിളിക്കപ്പെടുന്നതിനു മുൻപു തന്നെ അതിനെ “ദാൻ” എന്നു മുന്നറിയിച്ചിരുന്നു (ആവർത്തനപുസ്തകം 34:1; യോശുവ 19:47; ന്യായാധിപന്മാർ 18:29), യെരുശലേം എന്ന പേരും (യോശുവാ 10:1) മുൻപു “യേബസ്” എന്നായിരുന്നു (ന്യായാധിപന്മാർ 19:10).

യിസ്രായേൽ മിസ്രയിമിൽ നിന്നു പുറപ്പെട്ടു വന്നപ്പോൾ കൊടുത്ത

പത്തു കല്പനകളുടെ ഭാഗമായിരുന്നു ശബ്ബത്ത്. പിൻവരുന്ന ഒരു തലമുറകൾക്കുമല്ല ഈ കല്പനകൾ എന്നു മോശെ ഊന്നി പറഞ്ഞിരുന്നു (ആവർത്തനപുസ്തകം 5:1-3). അതുകൊണ്ടു ആദാമോ ഹവ്വയോ, യിസ്രായേൽ മിസ്രയിമിൽ നിന്നു വരുന്നതുവരെ മറ്റാരും ആചരിക്കേണ്ടതിന്നു നല്കിയതായിരുന്നില്ല ശബ്ബത്ത്.

**ശബ്ബത്ത് ആരാധനക്കായി നല്കിയതാണോ?**

ഏഴാം ദിവസം ആരാധനക്കായി ദൈവം വേർതിരിച്ചു എന്നു ഉല്പത്തി പുസ്തകം പറയുന്നില്ല. ദൈവം തന്റെ വേല നിർത്തി, എന്നാൽ ആ ദിവസം ആരാധിക്കുവാൻ അവൻ കല്പിച്ചില്ല (ഉല്പത്തി 2:1-3). യിസ്രായേലിന്നു പത്തു കല്പനകൾ കൊടുത്തുകൊണ്ടു, അവരോടു വിശ്രമിക്കുവാനും അവരെ അവൻ മിസ്രയിമിൽ നിന്നു വിടുവിച്ചുകൊണ്ടുവന്നതു ഓർമ്മിക്കുവാനും പറഞ്ഞിരുന്നു; എന്നാൽ ആരാധനയെ കുറിച്ചു ഒന്നും പറഞ്ഞില്ല (പുറപ്പാട് 20:8-10; ആവർത്തനപുസ്തകം 5:12-15).

ശബ്ബത്തിൽ ആരാധനക്കുള്ള സൂചനാവാക്യങ്ങൾ യെശയ്യാവിലും യെഹെസ്ക്കേലിലും മാത്രമാണ് കാണുന്നത്. യെഹൂദ കാലഘട്ടത്തിലെ ആരാധനയെക്കുറിച്ചല്ല യെഹെസ്ക്കേൽ 46 സൂചിപ്പിക്കുന്നത്, എന്നാൽ അതു പ്രവാചകൻ കാവ്യഭാഷയിൽ കാണുന്ന പ്രവചന ദർശനം ആണ്. അതു ക്രിസ്തീയാരാധനക്കുള്ള അക്ഷരികമായ വാക്യവുമല്ല. ഇതു ക്രിസ്ത്യാനികൾ ആരാധിക്കുന്നതിനെ കുറിച്ചു അക്ഷരികമായി പറയുകയാണെങ്കിൽ, ദൈവാലയത്തിലാണ് ആരാധിക്കേണ്ടതു (വാ. 1), അമാവാസിയും ആചരിക്കണം (വാക്യങ്ങൾ 1, 3), പുരോഹിതന്മാരുടെ മദ്ധ്യസ്ഥതയിൽ (വാ. 2), ദഹനയാഗങ്ങൾ അർപ്പിക്കയും (വാക്യങ്ങൾ 2-7), യെഹൂദ പെരുന്നാളുകൾ ആഘോഷിക്കയും (വാക്യങ്ങൾ 9-12), ദിവസേനയുള്ള യാഗങ്ങൾ അർപ്പിക്കയും (വാക്യങ്ങൾ 13-15), വിടുതലാണ്ടു ആചരിക്കയും വേണം (വാക്യങ്ങൾ 16-18).

ക്രിസ്തീയകാലത്തെ പരിശീലനത്തിന്റെ മുൻനിഴലായി യെഹൂദ പരിശീലനങ്ങളെ പ്രവാചകന്മാർ ഉപയോഗിച്ച ആലങ്കാരികവും, പ്രവചനപരവുമായ ഭാഷയിൽ വേണം യെഹെസ്ക്കേലിന്റെ ദർശനം മനസ്സിലാക്കുവാൻ (എബ്രായർ 10:1). അതുപോലെ, ക്രിസ്തീയാരാധനയുടെ അടയാളങ്ങളായി യെഹൂദാരാധനയിലെ മൂലകങ്ങൾ വെളിപ്പാടു പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

ശബ്ബത്തിൽ മാത്രം ദൈവത്തെ ആരാധിക്കണം എന്നു യെശയ്യാവു 66 പറയുന്നില്ല. ആ വേദഭാഗം പറയുന്നതു, " 'പിന്നെ അമാവാസി തോറും ശബ്ബത്തു തോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു' " (വാ. 23). ശബ്ബത്തുതോറും ആളുകൾ ദൈവത്തെ വണങ്ങി നമസ്ക്കരിക്കുമെന്നല്ല യെശയ്യാവു പറഞ്ഞത്. "ശബ്ബത്തുതോറും," എന്നതുകൊണ്ടു അവൻ അർത്ഥമാക്കിയതു ശബ്ബത്തുകൾക്കിടയിലുള്ള ദിവസങ്ങളിൽ അവർ ആരാധിക്കും എന്നാണ്.

ഇതു ഒരു പുരുഷൻ സ്ത്രീയോടു സംസാരിക്കുന്നതിനോടു താര

തമ്യം ചെയ്യാം, “നീ എന്നെ വിവാഹം ചെയ്യുമെങ്കിൽ നിന്നെ ഞാൻ പുതിയ വർഷദിനം മുതൽ പുതിയ വർഷദിനം വരെ, ശനിയാഴ്ച്ച മുതൽ ഞായറാഴ്ച്ചവരെ സ്നേഹിക്കും.” അവൻ പറഞ്ഞതു ആ ദിവസങ്ങളിൽ മാത്രം അവൻ അവളെ സ്നേഹിക്കും എന്നല്ല, മറിച്ചു അവൻ അവളെ ആ ദിവസങ്ങളിലും ഇട - ദിവസങ്ങളിലും സ്നേഹിക്കും എന്നാണ്. ദൈവത്തെ തുടർച്ചയായി ബഹുമാനിക്കും എന്നതായിരുന്നു യെശയ്യാവിന്റെ പ്രവചനത്തിന്റെ അർത്ഥം.

ഈ വേദഭാഗം ക്രിസ്തീയ കാലത്തിൽ ശബ്ബത്ത് ആചരിക്കണമെന്നാണ് പറയുന്നതെങ്കിൽ, പിന്നെ ക്രിസ്തീയ കാലഘട്ടത്തിൽ യെഹൂദന്മാരുടെ പ്രത്യേക ദിവസങ്ങളായ അമാവാസികളും ആചരിക്കണം. ജനങ്ങൾ അമാവാസികൾ ആചരിക്കയും ഓരോ ശബ്ബത്തിലും വിശ്രമിക്കയും, അല്ലെങ്കിൽ ശബ്ബത്തിൽ നമസ്ക്കരിക്കയും ചെയ്യും എന്നല്ല അതു പഠിപ്പിക്കുന്നത്. മറിച്ച്, അതു പറയുന്നതു അവർ ദൈവമുമ്പാകെ “വണങ്ങി” ദൈവത്തെ ബഹുമാനിക്കും, ആഴ്ച്ചതോറും ദൈവത്തെ അനുസരിക്കും എന്നാണ് സൂചന.

ശബ്ബത്തു “വിശുദ്ധീകരിക്കുവാൻ” ദൈവം കല്പിച്ചിരുന്നു (പുറപ്പാട് 20:8; 31:14, 15), അതിനർത്ഥം “വേർതിരിക്കുവിൻ” എന്നാണ്. അതു വേർതിരിക്കേണ്ട വഴി കല്പനയിൽ വിവരിച്ചിരുന്നു:

> “ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക, ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും, നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത് ” (പുറപ്പാട് 20:9, 10).

നാം പിന്നെയും വായിക്കുന്നു,

> “ ‘ആറു ദിവസം വേലചെയ്യേണം, എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി, യഹോവക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്തു നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം’” (പുറപ്പാട് 31:15).

വേല നിർത്തിക്കൊണ്ടാണ് ശബ്ബത്തു വിശ്രമദിവസമായി വിശുദ്ധമായി ആചരിക്കേണ്ടത്. ശബ്ബത്തിന്റെ ബന്ധത്തിലായിരുന്നില്ല യിസ്രായേലിലെ ദൈനന്തിന പ്രവൃത്തികളും, യാഗവും, ആരാധനയും.

ശബ്ബത്തിൽ ആരാധനക്കു സഭയായി കൂടിവരുവാൻ യിസ്രായേലിനോടു ദൈവം കല്പിച്ചിരുന്നില്ല. പാരമ്പര്യമായി ശബ്ബത്തിൽ യാത്ര പരിമിതമായതുകൊണ്ട് “ശബ്ബത്തു ദിവസത്തെ വഴിയാത്ര” (ഏതാണ്ട് ഒരു മൈലിന്റെ അഞ്ചിൽ - മൂന്നു ഭാഗം), യെരുശലേമിലും അടുത്തും ഉള്ളവർക്കു മാത്രമെ ശബ്ബത്തിൽ കൂടിവന്നു ആരാധിക്കുവാൻ കഴിയുമായിരുന്നുള്ളൂ.

ദൈവം യിസ്രായേലിന്നു പത്തു കല്പനകൾ കൊടുത്തിട്ടു അനേ

കവർഷങ്ങൾക്കുശേഷമാണ് ശബ്ബത്തിൽ പരസ്യാരാധനക്കു കൂടി വരുവാൻ തുടങ്ങിയത്. ദൈവാലയം നശിപ്പിച്ചപ്പോൾ, പിടിക്കപ്പെട്ട യെഹൂദന്മാരെ പ്രവാസികളായി ബാബേലിലേക്കു കൊണ്ടുപോകയും, തിരുവെഴുത്തു പരസ്യമായി വായിക്കുവാൻ പള്ളികൾ പണിയുകയും ചെയ്തു. ''പ്രവാസകാലത്തു പള്ളികൾ വർദ്ധിച്ചു വന്നതോടെ, ശബ്ബത്തു ആരാധനാദിവസവും ന്യായപ്രമാണവായനയും, വിശ്രമദിവസവുമായി തീർന്നു.''[1]

ഇതിനുമുൻപു, യിസ്രായേൽ യെരുശലേമിൽ മാത്രമാണ് ആരാധിച്ചിരുന്നത്, അതായിരുന്നു ആരാധനക്കു ദൈവം തിരഞ്ഞെടുത്ത സ്ഥലം.[2] അവരോടു പറഞ്ഞു,

> നിനക്കു ബോധിക്കുന്നേടത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. യഹോവ നിന്റെ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ഹോമയാഗങ്ങൾ കഴിക്കേണം, ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതൊക്കെയും നീ ചെയ്യേണം (ആവർത്തനപുസ്തകം 12:13, 14).

ലേവ്യാപുസ്തകം 23:2 "വിശുദ്ധ സഭായോഗത്തെ" പറ്റി പറയുന്നു. ആളുകൾ എവിടെ എന്തുകൊണ്ടു കൂടണം എന്നൊന്നും പറയുന്നില്ല. ശബ്ബത്തു ദിവസത്തിൽ സമ്പ്രദായപ്രകാരം പട്ടണത്തിലോ ദേശം മുഴുവനോ കൂടി വരുന്നതു വിലക്കിയിരുന്നു. ശബ്ബത്തു ആചരിക്കുവാനുള്ള യിസ്രായേലിനുള്ള കല്പനയിൽ പറയുന്നു, "നിങ്ങൾ താന്താങ്ങളുടെ സ്ഥലത്തു ഇരിപ്പിൻ; ഏഴാം ദിവസം ആരും തന്റെ സ്ഥലത്തു നിന്നു പുറപ്പെടരുത് എന്നു കല്പിച്ചു" (പുറപ്പാട് 16:29). വീടുള്ളവർക്കു ഈ കല്പന കൂടിവരുന്നതു പരിമിതപ്പെടുത്തിയിരിക്കുന്നു. ലേവ്യാപുസ്തകം 23:3 ലെ "വിശുദ്ധ സഭായോഗം" "പൂർണ്ണവിശ്രമ" ത്തിനു എതിരാണ് അതിനാൽ വിശുദ്ധ സഭായോഗം എന്ന സമയം വിശ്രമിക്കുവാനുള്ള വീട്ടുകാരുടെ കൂടിവരവാണ്.

### യേശുവും ശബ്ബത്തും

ന്യായപ്രമാണത്തിൻ കീഴിലായിരുന്നു യേശു ജനിച്ചത് (ഗലാത്യർ 4:4). അക്കാരണത്താൽ, അവൻ ശബ്ബത്തടക്കം ന്യായപ്രമാണകല്പനകൾ ഒക്കെയും അനുസരിച്ചു.

യേശു ശബ്ബത്തിൽ സൗഖ്യമാക്കിയപ്പോൾ, യെഹൂദന്മാർക്കു സഹിച്ചില്ല, കാരണം അവൻ യെഹൂദന്മാരുടെ സമ്പ്രദായം അനുസരിച്ചില്ല. ശബ്ബത്തിനും കർത്താവായിരുന്നതുകൊണ്ടു, അവന്നു ഏഴാം - ദിവസ വിശ്രമത്തിന്റെ ഉദ്ദേശം മനസ്സിലായിരുന്നു. ശിഷ്യന്മാരെ ശബ്ബത്തിൽ കതിർ പറിച്ചു തിന്നുവാൻ അനുവദിച്ചുകൊണ്ടു (മത്തായി 12:1–8; മർക്കൊസ് 2:23–28; ലൂക്കൊസ് 6:1–5), അവൻ "ശബ്ബത്തിന്മേലുള്ള തന്റെ അധികാരത്തെ ഉറപ്പിച്ചു. പരീശന്മാരല്ല, അവനാണ് ആ ദിവസം ശരിയായി ആചരിച്ചത്."[3]

കൂടാതെ ശബ്ബത്തിൽ, യേശു കൈവരണ്ട ഒരു മനുഷ്യനെ സൗഖ്യ

മാക്കി (മത്തായി 12:10–13; മർക്കൊസ് 3:1–5; ലൂക്കൊസ് 6:6–10); കൂനിയായൊരു സ്ത്രീയെ (ലൂക്കൊസ് 13:11–16); മഹോദരമുള്ള മനുഷ്യനെയും (ലൂക്കൊസ് 14:1–5); ബേഥെസ്ദായിലെ മുടന്തനെയും (യോഹന്നാൻ 5:1–18; 7:19–23); കുരുടനെയും (യോഹന്നാൻ 9:1–7) സൗഖ്യമാക്കിക്കൊണ്ടു അവൻ ശബ്ബത്തിൽ നന്മ ചെയ്യാമെന്നു തന്റെ വിമർശകരെ ബോധ്യപ്പെടുത്തി (മത്തായി 12:12). ശബ്ബത്തു മനുഷ്യനുവേണ്ടിയാണ് ഉണ്ടാക്കിയതു, അല്ലാതെ മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല എന്നു അവൻ പറഞ്ഞു (മർക്കൊസ് 2:27).

യേശു ശബ്ബത്തിൽ സൗഖ്യമാക്കുക മാത്രമല്ല, അവൻ യെഹൂദന്മാരുടെ പള്ളികളിൽ ഉപദേശിക്കയും ചെയ്തു (മർക്കൊസ് 1:21; 6:2; ലൂക്കൊസ് 4:16, 31; 6:6; 13:10). എങ്ങനെയായാലും, യേശുവും യെഹൂദന്മാരും തമ്മിൽ പോരാടുവാൻ കാരണം അവൻ പരീശന്മാരുടെ സമ്പ്രദായത്തെ ലംഘിച്ചതുകൊണ്ടാണ്. "ശബ്ബത്തിൽ എന്തു ചെയ്യണം, എന്തു ചെയ്യരുതെന്നു ചുരുക്കമായി നിർവ്വചിക്കുന്ന നിയമാവലികൾ ഉണ്ടാക്കി. മിഷ്. *ഷബാത്ത്* vii.2-ൽ ശബ്ബത്തു നാളിൽ വിലക്കിയിരുന്ന മുപ്പത്തി - ഒൻപതു 'പ്രധാന പ്രവൃത്തി' കളെ വിവരിച്ചു പറയുന്നു, ..."[4]

പരീശന്മാരുടെ ആ പട്ടികയാണ് യേശുവും ശിഷ്യന്മാരും ലംഘിച്ചത്: കതിർ പറിച്ചെടുക്കുന്നതു വിലക്കിയിരുന്നു (മർക്കൊസ് 2:23, 24), മരണാപത്തിലൊഴിച്ചുള്ളവരെ സൗഖ്യമാക്കുകയോ സഹായിക്കയോ ചെയ്യരുത് (മർക്കൊസ് 3:1), വസ്തുക്കൾ ചുമന്നുകൊണ്ടു പോകയുമരുത് (യോഹന്നാൻ 5:9, 10).[5] അത്തരം സന്ദർഭങ്ങളിൽ ഒന്നു നേരിട്ടു യേശു പറഞ്ഞു, പിതാവു ശബ്ബത്തിൽ പ്രവർത്തിക്കുന്നു, താനും പ്രവർത്തിക്കുന്നു (യാക്കൊബ് 5:17).

ക്രിസ്ത്യാനികൾ ശബ്ബത്ത് ആചരിക്കണമെന്നു യേശു ഉദ്ദേശിച്ചുവോ? അവൻ തന്റെ ശിഷ്യന്മാരോടു, "എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ, ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞതിനാൽ ചിലർ അങ്ങനെ ധരിച്ചിട്ടുണ്ട് (മത്തായി 24:20). എന്തുകൊണ്ട് എന്നു യേശു പറയാതിരുന്നതുകൊണ്ടു, നമുക്കു ഊഹിക്കുവാനേ കഴിയൂ. "ശബ്ബത്തു ദിവസ വഴിയാത്ര" ഏതെങ്കിലും സ്ഥലത്തേക്കുള്ള യാത്ര തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ ശബ്ബത്തു നാളിൽ യെരുശലേമിന്റെ വാതിൽ അടച്ചിരിക്കകൊണ്ടാണോ? ഈ സാഹചര്യത്തിൽ ക്രിസ്ത്യാനികൾ അപകടകരമായ അവസ്ഥയിലായിരുന്നു എന്നതാണ് ശരിയായ കാരണം. ശബ്ബത്തുനാളിൽ ചുമട് ചുമന്നുകൊണ്ടുപോകുന്ന ആരെയും യെഹൂദന്മാർ കല്ലെറിയും, ശബ്ബത്തു നാളിൽ വിറകു പെറുക്കുന്നവരെപോലും അവർ കല്ലെറിഞ്ഞു കൊല്ലും (സംഖ്യാപുസ്തകം 5:32, 36).

> യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, "സൂക്ഷിച്ചു കൊൾവിൻ, ശബ്ബത്തുനാളിൽ യാതൊരു ചുമടും ചുമന്നു യെരുശലേമിന്റെ വാതിലുകളിൽ കൂടി അകത്തുകൊണ്ടു വരരുത്. ശബ്ബത്തു നാളിൽ നിങ്ങളുടെ വീടുകളിൽ നിന്നു യാതൊരു ചുമടും പുറത്തുകൊണ്ടു പോകാതെയും യാതൊരു വേലയും ചെയ്യാതെയും, ശബ്ബത്തുനാൾ വിശു

ദ്ധീകരിപ്പിൻ, നിങ്ങളുടെ പിതാക്കന്മാരോടു ഞാൻ അങ്ങനെ കല്പിച്ചുവല്ലൊ (യിരെമ്യാവു 17:21, 22).

ക്രിസ്ത്യാനികളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ ആയാൽ അതു കഠിനമാകും. ശൈത്യകാലത്തിൽ അതിയായ മഞ്ഞും, ഒരു പക്ഷെ മഴയും ഉണ്ടാകാം, എന്നാൽ ശബ്ബത്തിൽ യെഹൂദന്മാരുടെ സമ്പ്രദായങ്ങളും നിയമങ്ങളും കാരണം തടസ്സം നേരിടാം.

ശൈത്യകാലത്തും ശബ്ബത്തിലും ഉള്ള ഓടിപ്പോക്കിനെ കുറിച്ചു ആർ. സി. എച്ച്. ലെൻസ്ക്രി പറഞ്ഞു:

> ... പാലസ്തീനിലെ ശൈത്യവും തണുത്ത അന്തരീക്ഷവുമുള്ള സമയത്ത് "നിങ്ങളുടെ ഓടിപ്പോക്ക്" സംഭവിച്ചേക്കാം. അല്ലെങ്കിൽ അതു "ശബ്ബത്തിലും" സംഭവിച്ചേക്കാം. അപ്പോൾ അവിടെ മുഴുവൻ മതഭ്രാന്തരായ യെഹൂദന്മാർ നിറഞ്ഞിരിക്കും, ശബ്ബത്തിനെ അശുദ്ധമാക്കുന്നു എന്ന കാരണത്താൽ അവർ കോപിഷ്ഠരാകും. ക്രിസ്ത്യാനികൾ അപ്പോഴും യെഹൂദന്മാരുടെ ശബ്ബത്തു പ്രമാണങ്ങൾ ന്യായീകരണം കൂടാതെ ആചരിച്ചിരുന്നു.[6]

ഡി. എ. കാർസൺ പറഞ്ഞു,

> ശബ്ബത്തുനാളിൽ, ഓടിപ്പോക്ക് അടക്കം ഏതെങ്കിലും യാത്ര തെറ്റാണ് എന്നു യേശു പഠിപ്പിച്ചു എന്ന് അർത്ഥമാക്കരുത്. ശബ്ബത്തുനാളിൽ ഓടിപ്പോകരുതു എന്നു അവൻ പറഞ്ഞില്ല, എന്നാൽ ശബ്ബത്തുനാളിൽ അവർ ഓടിപ്പോയേക്കാം എന്നു അവൻ കരുതി, അവൻ ആ ഓടിപ്പോക്ക് മറ്റൊരു ദിവസത്തിലാകുവാൻ പ്രാർത്ഥിക്കുന്നതിനു ആവശ്യപ്പെട്ടു. മുല കുടിപ്പിക്കുന്ന അമ്മമാരും (24:19) ശൈത്യമഴയും തണുപ്പും (24:20) അവരെ തളർത്തുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്യാം, ശബ്ബത്തുനിയമാവലികളാൽ, വാതിലുകൾ അടച്ചിരിക്കും, കടകൾ അടച്ചിരിക്കും, അതുകൊണ്ടു ശബ്ബത്തു ദിവസം ആരെങ്കിലും നിർദ്ദിഷ്ട ദൂരത്തേക്കാൾ യാത്ര വിഘ്നമാക്കും.[7]

ഈ പ്രസ്താവന എടുത്തു ക്രിസ്ത്യാനികൾ ശബ്ബത്തു ആചരിക്കണമെന്നു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു എന്നു പറഞ്ഞാൽ പോലും, ശബ്ബത്തുനാളിൽ വേല ചെയ്യരുത് അല്ലെങ്കിൽ യാത്ര ചെയ്യരുത് എന്നു മാത്രമെ വരുന്നുള്ളൂ. ക്രിസ്ത്യാനികൾ ശബ്ബത്തിൽ ദൈവത്തെ ആരാധിക്കണം എന്നു വരുന്നില്ല, കാരണം ആ വാക്യം യാത്രയെ കുറിച്ചു മാത്രമാണ് പറയുന്നത് – ശബ്ബത്തിൽ – ആരാധിക്കുന്നതിനെയല്ല. കൂടാതെ, അത് തെളിയുന്നത് യെഹൂദ ക്രിസ്ത്യാനികൾ മാത്രമായിരുന്നു അല്ലാതെ – ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികളായിരുന്നില്ല ശബ്ബത്ത് ആചരിച്ചിരുന്നത്. ശബ്ബത്തു നിയമം യെഹൂദന്മാരുടെ ദേശീയ നിയമത്തിന്റെ ഭാഗമാണ്, യിസ്രായേലിനു പുറത്തുള്ളവരെ ബാധിക്കുന്നതല്ല.

ശബ്ബത്ത് എന്നേക്കും നിലനില്ക്കുന്നതല്ല. യിസ്രായേലിനെ കുറിച്ചു ദൈവം ഹോശെയാവിൽ കൂടെ പ്രവചിച്ചു പറഞ്ഞു, "ഞാൻ അവളുടെ സകല സന്തോഷവും ഉത്സവങ്ങളും അമാവാസികളും ശബ്ബത്തുതോറും അവളുടെ വിശേഷദിവസങ്ങളും എല്ലാം ഇല്ലാതെയാക്കും" (ഹോശെയാ 2:11). ഇതു റോമാ പടയാളികളാൽ യിസ്രായേലിനെ കീഴ്പ്പെടുത്തുകയും (ഏ.ഡി. 70-ൽ) യെരുശലേം വീഴുകയും ചെയ്തപ്പോൾ ഒരു പക്ഷെ നിറവേറിയിരിക്കാം.

## പ്രവൃത്തികളുടെ പുസ്തകത്തിൽ ശബ്ബത്ത്

പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യത്തെ പതിമൂന്നു അദ്ധ്യായങ്ങളിൽ "ഒരു ശബ്ബത്തു ദിവസത്തെ വഴി ദൂരം" എന്ന വാക്യമല്ലാതെ മറ്റൊന്നില്ല (പ്രവൃത്തികൾ 1:12), യെഹൂദന്മാരുടെ സമ്പ്രദായമനുസരിച്ചു ശബ്ബത്തു ദിവസം നടക്കാവുന്നതു ഒരു മൈലിന്റെ അഞ്ചിൽ - മൂന്നു ഭാഗം ദൂരമാത്രം, ചില പ്രത്യേക സാഹചര്യങ്ങളിൽ അതിന്റെ ഇരട്ടിയും ആകാം. ക്രിസ്ത്യാനികൾ ശബ്ബത്തിൽ ആരാധിച്ചുവെന്നോ, വിശ്രമിച്ചുവെന്നോ പ്രവൃത്തികളുടെ പുസ്തകത്തിലോ മറ്റു പുതിയ നിയമ പുസ്തകങ്ങളിലോ ഇല്ല.

യെഹൂദന്മാർ കൂടി വന്ന ദിവസത്തിലും സ്ഥലത്തിലും, ശബ്ബത്തിൽ പൗലൊസ് പള്ളികളിൽ പ്രസംഗിച്ചിരുന്നു (പ്രവൃത്തികൾ 13:14, 42, 44; 16:13; 17:2; 18:4). എങ്ങനെയായാലും, അവൻ ശബ്ബത്തിൽ സഭയുമായി കൂടി വന്നുവെന്നോ അല്ലെങ്കിൽ സഭ ശബ്ബത്തിൽ കൂടി വന്നു എന്നോ പറഞ്ഞിട്ടില്ല. ശബ്ബത്തിൽ മോശെയുടെയും പ്രവാചകന്മാരുടെയും തിരുവെഴുത്തുകൾ വായിക്കുന്ന പരിശീലനം ഉണ്ടായിരുന്നു എന്നു പറയുന്നുണ്ട് (പ്രവൃത്തികൾ 15:21; നോക്കുക 13:27).

ജാതികൾ യെഹൂദ നിയമങ്ങൾ പ്രമാണിക്കണോ എന്നറിയുവാൻ പൗലൊസും ബർന്നബാസും യെരുശലേമിൽ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ പോയി (പ്രവൃത്തികൾ 15:1, 2). യെഹൂദന്മാരിൽ നിന്നും ക്രിസ്ത്യാനികളായ ചിലർ ജാതികളെ "പരിച്ഛേദന കഴിപ്പിക്കയും മോശെയുടെ ന്യായപ്രമാണം ആചരിപ്പാൻ കല്പിക്കയും വേണം എന്നു പറഞ്ഞു" (പ്രവൃത്തികൾ 15:5). ഏതാനും ചർച്ചകൾക്കു ശേഷം, പത്രൊസ് പറഞ്ഞു, "ആകയാൽ നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിഞ്ഞിട്ടില്ലാത്ത നുകം ശിഷ്യന്മാരുടെ കഴുത്തിൽ വെപ്പാൻ നിങ്ങൾ ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നതു എന്തു?" (പ്രവൃത്തികൾ 15:10). നുകം എന്നു പത്രൊസ് പറഞ്ഞതു ഒരുപക്ഷെ പരിച്ഛേദനയും ന്യായപ്രമാണവും ആകാം, അതു പരിച്ഛേദന ഏറ്റ ക്രിസ്ത്യാനികൾ ജാതികളായിരുന്ന ക്രിസ്ത്യാനികളിൽ അടിച്ചേല്പിക്കുവാൻ ശ്രമിച്ചതാണ്.

ജാതികൾ പരിച്ഛേദന ഏല്ക്കുകയും ന്യായപ്രമാണം ആചരിക്കയും വേണം എന്നു ശഠിച്ചവർക്കുള്ള കത്തിൽ യാക്കൊബ് തുറന്നു (പ്രവൃത്തികൾ 15:5) പറഞ്ഞു, "ഞങ്ങൾ കല്പന കൊടുക്കാതെ" (പ്രവൃത്തികൾ 15:24). അതിൽ പിന്നെ പറയുന്നു, "അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുത് എന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും

തോന്നിയിരിക്കുന്നു" (പ്രവൃത്തികൾ 15:28). ആവശ്യമുള്ളതു ന്യായപ്രമാണത്തിലെ ചില നിഷ്ക്കർഷതമാത്രം. അവയിൽ പരിഛേദനയും, ന്യായപ്രമാണം അനുസരിക്കുന്നതും, ശബ്ബത്തു ആചരിക്കുന്നതും ഉൾപ്പെടുത്തിയില്ല. യെരുശലേമിലെ മൂപ്പന്മാരോ അപ്പൊസ്തലന്മാരോ, പരിശുദ്ധാത്മാവോ ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവർ ദൈവം യിസ്രായേൽ ജനത്തിനു കൊടുത്ത ന്യായപ്രമാണമോ, ശബ്ബത്തോ ആചരിക്കുവാൻ പറഞ്ഞില്ല എന്നു വ്യക്തം. ജാതികളുടെ മേൽ യെഹൂദ പരിശീലനം അടിച്ചേല്പിക്കരുതെന്ന നിർദ്ദേശം പൗലൊസിനെയും ബർന്നബാസിനെയും നീതീകരിക്കുന്നതായിരുന്നു.

## പൗലൊസിന്റെ എഴുത്തുകളിൽ ശബ്ബത്ത്

ന്യായപ്രമാണം നീങ്ങപ്പെട്ടു എന്നു പൗലൊസ് തന്റെ എഴുത്തുകളിൽ ഉറപ്പിച്ചു പറയുന്നുണ്ട്.[8] യെഹൂദന്മാരുടെ വിശേഷദിവസങ്ങളും ശബ്ബത്തുകളും ആചരിക്കുവാൻ ക്രിസ്ത്യാനികൾക്കു ബാധ്യതയില്ല എന്നും പൗലൊസ് സൂചിപ്പിച്ചിട്ടുണ്ട്.

ഗലാത്യയിലെ ക്രിസ്ത്യാനികൾക്കു എഴുതുമ്പോൾ, അവൻ പറഞ്ഞു, "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല" (ഗലാത്യർ 2:16); "ഞാൻ ന്യായപ്രമാണ സംബന്ധമായി മരിച്ചു" (2:19); "ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻകീഴാകുന്നു" (ഗലാത്യർ 3:10); "ന്യായപ്രമാണത്താൽ ആരും നീതീകരിക്കപ്പെടുന്നില്ല" (3:11); "അതു ... ലംഘനങ്ങൾ നിമിത്തം സന്തതി വരുവോളം കൂട്ടിച്ചേർത്തതുമാണ്" (3:19); "നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല [ന്യായപ്രമാണം]" (3:25); "അടിമ നുകത്തിൽ [ന്യായപ്രമാണം] പിന്നെയും കുടുങ്ങിപോകരുത്" (5:1; 4:21-31 ന്റെ സന്ദർഭത്തിൽ); "ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇഛിക്കുന്ന നിങ്ങൾ; ക്രിസ്തുവിനോടു വേറുപെട്ടുപോയി" (5:4); "നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല" (5:18).

ഈ പ്രസ്താവനകളുടെ പശ്ചാത്തലത്തിൽ, പൗലൊസ് എഴുതി, "നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി അദ്ധ്വാനിച്ചതു, വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു" (ഗലാത്യർ 4:10, 11). ഗലാത്യലേഖനത്തിൽ പൗലൊസ് ശ്രദ്ധ കേന്ദ്രീകരിച്ചതു, പ്രത്യേകമായി യെഹൂദാചാരങ്ങളെയാണ് അല്ലാതെ അന്യദേവന്മാരെ വണങ്ങുന്നവരുടെ പ്രത്യേക ദിവസങ്ങൾ അല്ല.

"ദിവസങ്ങളും മാസങ്ങളും കാലങ്ങളും വർഷങ്ങളും" എന്ന പ്രയോഗം സൂചിപ്പിക്കുന്നതു ഒരു പക്ഷെ യെഹൂദ പെരുന്നാളുകളെ കുറിച്ചായിരിക്കാം, കാരണം യെഹൂദ മതാനുസാരികളായിരുന്നു ഗലാത്യയിൽ വെച്ചു പൗലൊസിനോടു എതിർത്തത്. അതങ്ങനെയാണെങ്കിൽ, അപ്പോൾ പിന്നെ "ദിവസങ്ങൾ" എന്നതു ശബ്ബത്തു ദിവസങ്ങളും ഒരു ദിവസം മാത്രം ആഘോഷിച്ചിരുന്ന പെരുന്നാളുകളും ആകാം, എന്നാൽ "മാസങ്ങൾ" എന്നതു മാസം തോറും ആഘോഷിക്കുന്നതുമാകാം (ഉദാഹരണമായി, അമാവാസി തുടങ്ങിയവ; നോക്കുക സംഖ്യാ

പുസ്തകം 10:10).[9]

> ഗലാത്യയിൽ സംഭവിച്ച പോരാട്ട പശ്ചാത്തലത്തിൽ, ഗലാത്യയിലുള്ളവർ, യെഹൂദാചാരങ്ങൾക്കു കീഴ്പ്പെട്ടു എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. "ദിവസങ്ങൾ" എന്നതു ശബ്ബത്തു ദിവസങ്ങൾ ആകാം, പ്രത്യേക ദിവസങ്ങൾ കലണ്ടറിൽ വരുന്നതനുസരിച്ചുള്ള പെരുന്നാളുകളും ആകാം.[10]

ഗലാത്യയിലുള്ള ക്രിസ്ത്യാനികളെ പൗലൊസ് ഓർപ്പിച്ചതു അവർ ന്യായപ്രമാണത്തിൽ നിന്നു മോചിതരായെന്നും അതുകൊണ്ടു അവർ യെഹൂദന്മാരുടെ വിശേഷദിവസങ്ങൾ ആചരിക്കേണ്ടതില്ല എന്നുമാണ്.

കൊലൊസ്യ സഭയ്ക്കും പൗലൊസ് അതേ നിർദ്ദേശം കൊടുക്കുന്നുണ്ട്:

> അതുകൊണ്ടു ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ, വാവു, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത് - ഇവ വരുവാനിരുന്നവയുടെ നിഴലത്രെ (കൊലൊസ്യർ 2:16, 17).

ഭക്ഷണങ്ങൾ, പാനീയങ്ങൾ, പെരുന്നാളുകൾ, വിശേഷദിവസങ്ങളും, അല്ലെങ്കിൽ ശബ്ബത്ത് ആചരിക്കുന്നതിനെ സംബന്ധിച്ചു ക്രിസ്ത്യാനികളെ ആരും വിധിക്കുവാൻ അനുവദിക്കരുത്. യേശു ക്രൂശിൽ മരിച്ചതോടുകൂടി അവ ആചരിക്കേണ്ട ബാധ്യത അവൻ അവസാനിപ്പിച്ചു. അവ "സ്വർഗ്ഗീയമായവയുടെ നിഴലു[കൾ] മാത്രമായിരുന്നു" (എബ്രായർ 8:5; നോക്കുക 10:1) – യേശുക്രിസ്തു അവ യാഥാർത്ഥ്യമാക്കുന്നതുവരെ ആലങ്കാരിക പ്രവൃത്തികൾ ആചരിക്കേണ്ടിയിരുന്നു (കൊലൊസ്യർ 2:17; നോക്കുക എബ്രായർ 9:9, 10).

"ചട്ടങ്ങളും" (ഗ്രീക്ക്.: *ഡോഗ്മാസിൻ*) നീക്കി കളഞ്ഞു (എഫെസ്യർ 2:15), "കല്പനകളും" (ഗ്രീക്ക്.: *ഡോഗ്മാസിൻ*) ക്രൂശിൽ തറെച്ചു (കൊലൊസ്യർ 2:14). ഈ നിയമാവലികൾ പ്രമാണിച്ചു, നീതീകരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ, പൗലൊസിന്റെ അദ്ധ്വാനത്തെ വൃഥാവാക്കുകയാണ്.

### ഉപസംഹാരം

ദൈവം യെഹൂദന്മാരോടു ചരിത്രം നോക്കിയാൽ ശബ്ബത്ത് ആചരിക്കുവാൻ സമയാസമയങ്ങളിൽ ഓർമ്മിപ്പിക്കുന്നുണ്ട്. എങ്ങനെയായാലും, ശബ്ബത്തിൽ ആരാധിക്കുന്നതിനെക്കുറിച്ചോ വേല ചെയ്യുന്നതിനെക്കുറിച്ചോ ക്രിസ്ത്യാനികളോടു ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ശബ്ബത്തു ആചരിക്കുന്ന പാരമ്പര്യമില്ലാതെവരുന്നവരായതുകൊണ്ട് ജാതികളോടു ജോലി ചെയ്യാതെ ശബ്ബത്തിൽ ആരാധിക്കുവാൻ പഠിപ്പിച്ചിട്ടില്ല. പുതിയ നിയമത്തിൽ അത്തരം നിർദ്ദേശങ്ങൾ നല്കിയിട്ടില്ലാത്തതുകൊണ്ടു ഇന്നു ശബ്ബത്തു ദിവസം വിശ്രമിക്കുന്നതോ, ആരാധിക്കുന്നതോ ആയ യെഹൂദാചാരം ബാധിക്കുന്നില്ല എന്നു സ്പഷ്ടം.

ശബ്ബത്ത് യെഹൂദന്മാരുടെ വിശേഷദിവസം ആയിരുന്നു. ആ ദിവസം യെഹൂദന്മാർ വിശ്രമിക്കുകയും, അവരെ മിസ്രയിമിൽ നിന്നു ദൈവം വിടുവിച്ചു കൊണ്ടുവന്നതിനെ ഓർമ്മിക്കയും ചെയ്യണമായിരുന്നു. അതു ദൈവവും യിസ്രായേൽ ജനവും തമ്മിലുണ്ടായിരുന്ന ഉടമ്പടിയുടെ അടയാളമായിരുന്നു. അതു ജാതികൾക്കു അർത്ഥമാക്കുകയോ നല്കുകയോ ചെയ്തിരുന്നില്ല, ഒരിക്കലും ക്രിസ്ത്യാനികളോടു കല്പിച്ചിട്ടുമില്ല. ഇപ്പോൾ യേശു വരികയും, മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേല്ക്കയും ചെയ്തു മരണത്തിൽ നിന്നു ജനങ്ങളെ വിടുവിച്ചതിന്റെ ഓർമ്മക്കായി ഞായറാഴ്ച്ച കൂടിവരികയും യേശുവിനെ ഓർമ്മിക്കയും ചെയ്യുന്നു.

---

കുറിപ്പുകൾ

[1]ജെ. ഡി. ഡഗ്ലസ്, എഡ്., *ദ ന്യു ഇന്റർനാഷണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ*, ജെൻ., എഡ്. മെറിൽ സി. ടെന്നെ (ഗ്രാന്റ് റാപ്പിഡ്സ്.മൈക്ക്.: റീജെൻസി റെഫെറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1987), എസ്.വി. "ശബ്ബത്ത്," ബൈ സ്റ്റീവൻ ബറബ്ബാസ്. [2]യെഹൂദന്മാർ ദൈവത്തെ ആരാധിക്കേണ്ട സ്ഥലം യെരുശലേമാണെന്നു ദൈവം വെളിപ്പെടുത്തിയിരുന്നതായി യേശു ശമര്യക്കാരി സ്ത്രീയോടു കിണറ്റിനരികിൽ നടത്തിയ സംഭാഷണത്തിൽ യോഹന്നാൻ 4:19–22 സൂചന നല്കുന്നു. [3]ജാക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ്ങ് വേഡ് കമന്ററി സീരീസ്, എഡ്. എവറെറ്റ് ഫെർഗൂസൻ (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1976), 171. [4]ജെ. സി. മെക്കാൻ ജൂനിയർ., "ശബ്ബത്ത്," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ജെൻ. എഡി. ജെഫ്റി ഡബ്ളിയു, ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു. എം. ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1988), 4:251. [5]ഈ. ലോഹ്സേ, VII, *"ശബ്ബാറ്റൺ," ഇൻ തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, എഡ്. ജെർഹാർഡ് കിറ്റൽ ആന്റ് ജെർഹാർഡ് ഫ്രീഡ്റിച്ച്, ട്രാൻസ്. ആന്റ് ആബർ. ജെഫ്റി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 991. [6]ആർ. സി. എച്ച്. ലെൻസ്കി, *ദ ഇന്റർപ്രെറ്റേഷൻ ഓഫ് സെന്റ് മാത്യൂസ് ഗോസ്പെൽ* (മിന്നേപ്പൊലിസ്, മിൻ.: ആഗ്സ്ബർഗ് പബ്ലിഷിങ്ങ് ഹൗസ്, 1943), 939–40. [7]ഡി. എ. കാർസൺ, എഡ്., *ഫ്രം ശബ്ബത്ത് ടു ലോർഡ്സ് ഡേ: എ ബിബ്ളിക്കൽ, ഹിസ്റ്റോറിക്കൽ, ആന്റ് തിയോളജിക്കൽ ഇൻവെസ്റ്റിഗേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: അക്കാഡെമിക് ബുക്സ്, സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1982), 73–74. [8]ന്യായപ്രമാണം നീങ്ങപ്പെട്ടു എന്നു വിവരിക്കുന്ന അടുത്ത പാഠം നോക്കുക. [9]ഡാനിയേൽ സി. അരിക്കേ ജൂനിയർ. ആന്റ് യൂജിൻ എ. നിഡ, *എ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ പോൾസ് ലെറ്റർ ടു ദ ഗലേഷ്യൻസ്* (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1976), 97. [10]ജെയിംസ് മോണ്ട്ഗോമെറി ബോയിസ് ആന്റ് മെറിൽ സി. ടെന്നെ, എഡ്സ്., *ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമെന്ററി*, വാല്യം. 10, *റോമൻസ് – ഗലേഷ്യൻസ്*, ജെൻ. എഡ്. ഫ്രാങ്ക് ഇ. ഗെബെലെയിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ളിഷിങ്ങ് ഹൗസ്, 1976), 476.


© 2009 Truth for Today